

# Serene



ലിറ്റിൽ കൈറ്റ്സ് ബാച്ച് 2024 - 2027

സെന്റ് മൈക്കൾസ് ഗേൾസ് എച്ച് എസ് എസ്



# ആമുഖം

പ്രകൃതിയുടെ മൃദുസ്വരങ്ങൾ കേൾക്കാൻ
ഒരു ഇടം... മനസ്സിന് ശാന്തിയും
ആത്മാവിന് ആശ്വാസവും നൽകുന്ന
ഒരു യാത്ര... അതാണ് Serene.

നമ്മെ ചുറ്റിപ്പറ്റിയിരിക്കുന്ന പച്ചപ്പും
നീലാകാശവും മഴത്തുള്ളികളുടെ സംഗീതവും
കാറ്റിന്റെ സാന്ത്വനസ്‌പർശവും—
ഇവയെല്ലാം ചേർന്നൊരുക്കുന്ന
പ്രകൃതിയുടെ അത്ഭുതലോകത്തിലേക്കുള്ള
ഒരു ക്ഷണമാണ് Serene.

നഗരജീവിതത്തിന്റെ തിരക്കുകളും മാനസിക സമ്മർദ്ദങ്ങളും നിറഞ്ഞ കാലഘട്ടത്തിൽ, പ്രകൃതിയിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം മനുഷ്യനെ പുതുക്കുന്നു. ആ പുതുമയും സമാധാനവും വായനക്കാരിലേക്ക് എത്തിക്കുകയാണ് ഈ മാസികയുടെ ലക്ഷ്യം.

Serene പ്രകൃതിസൗന്ദര്യത്തിന്റെ കഥകളും പരിസ്ഥിതി സംരക്ഷണ ചിന്തകളും, ഗ്രാമീണ ജീവിതത്തിന്റെ ലാളിത്യവും, വന്യജീവികളുടെ അത്ഭുതങ്ങളും, പച്ച ജീവിതശൈലിയിലേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിങ്ങളിലേക്ക് എത്തിക്കുന്നു. ഓരോ പേജും ഒരു ശ്വാസം നിറഞ്ഞ പച്ചപ്പാണ്;

വിവരസാങ്കേതികവിദ്യയുടെ ഈ പുതിയ യുഗത്തിൽ, സെന്റ് മൈക്കിൾസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ഏറെ അഭിനന്ദനാർഹമാണ്. നിങ്ങളുടെ സർഗ്ഗാത്മകതയും സാങ്കേതിക അഭിനിവേശവും ഈ സംരംഭത്തിലൂടെ പ്രതിഫലിക്കട്ടെ. പരിധികൾക്കപ്പുറം ചിന്തിക്കാനും ഐടി മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കാനും ഈ മാഗസിൻ നിങ്ങൾക്ക് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു. എല്ലാ വിദ്യാർത്ഥിനികൾക്കും ഉജ്ജ്വലമായ ഭാവി നേരുന്നു.

സ്നേഹപൂർവ്വം,
സിസ്റ്റർ സിനി എം കുരിയൻ
പ്രധാനാധ്യാപിക



സാങ്കേതികവിദ്യയും സാഹിത്യവും സമന്വയിപ്പിച്ച് മാഗസിൻ പുറത്തിറക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അവർക്ക് നേതൃത്വം നൽകിയ അനുശ്രീ ടീച്ചറെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി.സൗമ്യ ജോസ് ബി .എസ്
ലോക്കൽ മാനേജർ



“പ്രകൃതി”യെ ആസ്പദമാക്കി ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.
സൃഷ്ടിപരമായ രചനകളും ചിത്രങ്ങളും വഴി പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും ഉള്ള മനോഹര സന്ദേശം പകരുന്ന ഈ ശ്രമത്തിന് എല്ലാ കുഞ്ഞുങ്ങൾക്കും അധ്യാപകർക്കും ആശംസകൾ.
ഭാവിയിലും ഇത്തരത്തിലുള്ള സൃഷ്ടിപരമായ പ്രവർത്തനങ്ങൾ തുടരട്ടെ എന്നാശംസിക്കുന്നു.

ജെസ്സി ആൻഡ്രോസ്
എൽ.പി സ്റ്റാഫ് സെക്രട്ടറി



വിവരവിനിമയ സംവിധാനം
നിർമ്മിത ബുദ്ധിയുടെ
കൈപ്പിടിയിലൊതുങ്ങിയിരിക്കുന്ന
കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.
കാലാനുസൃതമായി ജീവിക്കുന്നതിനുള്ള
പരിശീലന കളരിയാണ് വിദ്യാഭാസം.
കാലഘട്ടത്തിലൂടെ ജീവിച്ച് കാലഘട്ടത്തിന്
പരിവർത്തനം സൃഷ്ടിക്കുന്ന ലിറ്റിൽ
കൈറ്റ്സിന്റെ "serene" ഡിജിറ്റൽ മാഗസിൻ
ഏത് കാലത്തും ആയിത്തീരുന്നു.
മനസിലുണ്ടായിരിക്കേണ്ട നന്മയുടെ
വെളിച്ചം കൂടി തലമുറയുടെ പുതുമ
നിറഞ്ഞ സംരഭത്തിന് എല്ലാ വിധ
ആശംസകളും നേരുന്നു.



സിൽബി ടീച്ചർ
സ്റ്റാഫ് സെക്രട്ടറി

# സൂചിക


കവിത

കഥ

ലേഖനം

പുസ്തകാസ്വാദനം

# കവിതകൾ

# പൃഥ്വി

താായ തൻ കണ്ണീർ തുള്ളികൾ
മാരിയായി വന്നെൻ്റെ മാറിൽ തലോടി
കത്തുന്നൊരാ മരങ്ങൾ തൻ വേദനയിൽ
എരിയുന്നൊരീ നെഞ്ചകം
കളകളം പാടുന്ന നദിയാൽ
പ്രത്വിതൻ മധുരസമിതം
ആകുല വേവലാതികളോടെ
അവനി തൻ മടിയിൽ പിറന്നല്ലൊ നമ്മൾ
പാറി പറന്നൊരാ പക്ഷികൾ തൻ ഗാനം
വിങ്ങലായ് ഭൂമി തൻ സമൃതിയിൽ
ജനനി തൻ സനേഹം നിറഞ്ഞൊരി കാറ്റും
വിശാലമാവി ആകാശവും....

- അസിൻ ലാൽ

# ഭൂമിയുടെ വേദന

ഒരിക്കൽ പച്ചപ്പാൽ നിറഞ്ഞ ലോകം
ഇന്ന് മുറിവുകളാൽ മൂടപ്പെട്ടു
മരം വീണപ്പോൾ തണൽ നഷ്ടമായി
കൂടെ സ്വപ്നങ്ങളും ഒടിഞ്ഞു

നദികൾ വാക്കുകളില്ലാതെ കരയുന്നു
ആകാശം പുകയാൽ മങ്ങുന്നു
മനുഷ്യന്റെ ലാഭകണക്കിൽ
പ്രകൃതി പിന്നിലാകുന്നു

ഇനിയും മൗനമാകുമോ നമ്മൾ ?
സമയം ചോദ്യം  ചെയ്യുന്നു
പ്രകൃതിയെ രക്ഷിക്കാം ഒരുമിച്ച്
അതാണ് നമ്മുടെ ഉത്തരവാദിത്വം

- ദേവിക സി

# നാദം

മരത്തണലിൽ അണയും കുളിർക്കാറ്റ്
മനസ്സിനെ തൊട്ടു തലോടുന്നു
ഓരോ പുല്ലിലും ഓരോ പൂവിലും പ്രകൃതി
തൻ നാദം തിരയുന്നു
ഇടിമിന്നലിന്റെ ഗർജ്ജനമാണ് മണ്ണിൽ
വീഴുന്ന തുള്ളി തൻ താളം
നിശബ്ദതയിലും ഒളിഞ്ഞിരിപ്പുണ്ട്
പ്രകൃതിതൻ ആത്മനാദം
കണ്ണടച്ച് ഒന്നു നാം കാതോർക്കുകിൽ
കേൾക്കാം പ്രകൃതിതൻ ജീവന്റെ താളം
മണ്ണ് മനുഷ്യനും ഒന്നായി  മാറുമ്പോൾ
മാത്രമേ കേൾക്കൂ ആ മോഹന നാദം

- മിഹിക പ്രഭീഷ്

# സൂര്യലയം

സൂര്യനെ തേടി പുഞ്ചിരിക്കും
പൊൻപൂവാണ് സൂര്യകാന്തി,
പുലരിയുടെ വെളിച്ചത്തിൽ
സന്തോഷം വിരിയിക്കും.

കാറ്റിന്റെ മൃദുസ്പർശത്തിൽ
നൃത്തം ചെയ്യും നിമിഷം,
പച്ചപ്പിന്റെ മടിയിൽ നിന്നു
ഭൂമിയെ അലങ്കരിക്കും.

ഇരുള് വന്നാലും തളരാതെ
പ്രതീക്ഷ കൈവിടാതെ,
വെളിച്ചത്തോട് മുഖം തിരിക്കുന്ന
ധൈര്യത്തിന്റെ പൂവാണ്
നീ.

- ഉത്ര സതീഷ്

# പ്രകൃതിയുടെ പാട്ട്

പച്ചപ്പിന്റെ ചിരിയിൽ
പുലരികൾ പിറക്കുന്നു,
മഞ്ഞുതുള്ളികൾ
പൂക്കളുടെ കണ്ണീരായി തിളങ്ങുന്നു.
കാറ്റിന്റെ കൈകളിൽ
ഇലകൾ നൃത്തം ചെയ്യുമ്പോൾ,
നദിയുടെ പാട്ടിൽ
ഭൂമി സ്വപ്നം കാണുന്നു.
മലകളുടെ നെഞ്ചിൽ
മേഘങ്ങൾ വിശ്രമിക്കുന്നു,
വനത്തിന്റെ മൗനത്തിൽ
ജീവൻ പുഞ്ചിരിക്കുന്നു.
പ്രകൃതി അമ്മയാണ്,
നമ്മെ തഴുകുന്ന സ്നേഹം,
ഓരോ ശ്വാസത്തിലും
ജീവന്റെ കവിത എഴുതുന്ന ദൈവം.

- നിഖ .ഇ

# നിലനിൽപ്പിന്റെ ശബ്ദം

മണ്ണിന്റെ നെഞ്ചിൽ
കാലം പതിഞ്ഞിരിക്കുന്നു,
വേരുകൾ പിടിച്ചുനിൽക്കുന്നത്
ജീവന്റെ അവസാന വിശ്വാസം പോലെ.
നദികൾ ഒഴുകുന്നു,
ഒരുപാട് കഥകൾ ചുമന്ന്,
തിരികെ പറയാതെ
മൗനത്തിൽ ലയിച്ചുകൊണ്ട്.
മരങ്ങൾ ഉയരുന്നു,
ആകാശത്തോട് ചോദിക്കാതെ,
താങ്ങിക്കൊണ്ടിരിക്കുന്നു
ചൂടിനെയും മഴയെയും.
പക്ഷികൾ പറക്കുന്നു,
സ്വാതന്ത്ര്യത്തിന്റെ പേരിൽ,
എന്നാലും
ആകാശം പോലും അതിരുകളാണ്.

– ഗാഥ എൻ.പി

# നിശബ്ദത്തിന്റെ വിളി

മഴതൊട്ട മണ്ണിൽ
ഉണരുന്ന ഓർമ്മകൾ
കേൾക്കാൻ പഠിച്ചാൽ
ആക്കുകളാകുന്നു.

കാറ്റ് കൊണ്ടുപോകുന്ന
ഇലകളുടെ പ്രാർത്ഥന,
നമ്മൾ കടന്നു പോകുമ്പോൾ
പിന്നിൽ നിൽക്കും.

നന്ദി പറയുന്നുണ്ട്
നിൽക്കാതെ ഒഴുകാൻ,
കാലം പോലെ
തിരിഞ്ഞു നോക്കാതെ.

ശബ്ദമില്ലാതെ ഭൂമി
ഇന്നും പറയുന്നു
കേൾക്കുന്നവർക്ക്
ജീവൻ ബാക്കിയുണ്ട്.

- നഷ്വ ഫാത്തിമ കെ

# ഹരിതം

പച്ചയുടെ നിശബ്ദത്തിൽ
ജീവൻ വളരുന്നു.
ഇലകളുടെ ഇടവഴിയിൽ
പ്രതീക്ഷകൾ പിറക്കുന്നു,
പുതുചൂടുള്ള പുലരികളിൽ
പക്ഷികൾ പാടുന്ന പ്രാർത്ഥനപോലെ.
കാറ്റ് പറഞ്ഞ കഥകളും
മഴ തഴുകിയ ഓർമ്മകളും
ഈ ഭൂമിയെ
ഇന്നും ജീവനുള്ളതാക്കുന്നു.
പച്ചപ്പിന്റെ മൃദുലതയിൽ
ശാന്തി വിരിയുന്നു,
വൃക്ഷങ്ങളുടെ നിഴലിൽ
കാലം പോലും മന്ദഗതിയാകുന്നു.

- ഫിസാ ഫാത്തിമ വി ടി

# കഥകൾ

# ഭൂമിയുടെ ശബ്ദങ്ങൾ

ആമുഖം

ഭൂമിയുടെ ശബ്ദങ്ങളെ കുറിച്ച് ഒരു ചെറുകഥ : പണ്ട്, പ്രകൃതിയുടെ ഓരോ ഇലയനക്കത്തിനും, പുഴയുടെ കളകൾ ആരവത്തിനും, കാറ്റിന്റെ മൂളലിനുമൊക്കെ ഒരു രഹസ്യ ഭാഷയുണ്ടായിരുന്നു അതെല്ലാം കേൾക്കാൻ സാധിച്ചിരുന്ന മൗനം എന്ന കുട്ടിയെ കുറിച്ചാണ് ഈ കഥ അവൾ പ്രകൃതിയുടെ പാട്ട് കേട്ടവളരണം ഒരുനാൾ നഗരം വളർന്നപ്പോൾ ആ ശബ്ദങ്ങൾ മാഞ്ഞുപോയി മൗനം വിഷമിച്ചു അവൾ പ്രകൃതിയുടെ ശബ്ദങ്ങൾ ഓർത്തെടുക്കാൻ ശ്രമിച്ചു ഒടുവിൽ മരങ്ങളെ കെട്ടിപ്പിടിച്ച് അവയുടെ ശബ്ദം കേൾക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു അങ്ങനെ അവയുടെ നിശബ്ദമായ സംഗീതം അവൾ തിരിച്ചറിഞ്ഞു പ്രകൃതിയുടെ ശബ്ദങ്ങൾ ഉള്ളിലുണ്ടെന്ന് തിരിച്ചറിയുന്നതോടെ അവൾ ആ സംഗീതം ലോകത്തെ കേൾപ്പിച്ചു.

*ഭൂമിയുടെ ശബ്ദങ്ങൾ*

ഒരുപാട് കാലം മുൻപ് ഈ ലോകത്ത് മൗനം എന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു അവൾക്ക് കേൾവി കുറവാ ഇല്ലായിരുന്നു പക്ഷേ അവൾ സംസാരിക്കാറില്ല എങ്കിലും അവൾക്ക് ചുറ്റുമുള്ള ലോകം സംസാരിക്കുമായിരുന്നു പ്രഭാതത്തിലെ കിളികളുടെ പാട്ട് പുഴയുടെ ഓളങ്ങൾ മരങ്ങളുടെ ഇലകൾ തമ്മിൽ പുരസി ഉണ്ടാകുന്ന ശബ്ദം രാത്രിയിൽ കാറ്റടിക്കുമ്പോൾ ഇലകൾ കൊഴിയുന്ന ഒച്ചയെല്ലാം മൗനത്തിന്റെ ഭാഷയായിരുന്നു. അവൾ ഈ ശബ്ദങ്ങൾ കേട്ട് വളർന്നു അവളോടൊപ്പം ഭൂമി സംസാരിച്ചു.

കാലം മാറി  നഗരങ്ങൾ വലുതായി
കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നു
വാഹനങ്ങളുടെ ഇരുമ്പലും യന്ത്രങ്ങളുടെ
ശബ്ദവും എല്ലായിടത്തും നിറഞ്ഞു
കിളികളുടെ പാട്ട് കേൾക്കാൻ പുഴയുടെ
കളരൻ തിരിച്ചറിയാനും മൗനത്തിന്
കഴിഞ്ഞില്ല നഗരത്തിന്റെ ബഹളത്തിൽ
പ്രകൃതിയുടെ ശബ്ദങ്ങൾ മാഞ്ഞുപോയി
മൗനം വിഷമിച്ചു അവളുടെ പ്രിയപ്പെട്ട
സംഗീതം എങ്ങോട്ടാണ് പോയത് എന്ന്
അവൾ ചിന്തിച്ചു.
ഒരു ദിവസം അവൾ നഗരത്തിനും പുറത്തുള്ള
ഒരു ചെറിയ കാട്ടിലേക്ക് പോയി അവിടെ
വലിയൊരു മരത്തിന്റെ ചുവട്ടിലിരുന്ന് അവൾ
കണ്ണുകൾ അടച്ചു പതിയെ അവൾക്ക് ചില
ശബ്ദങ്ങൾ കേൾക്കാൻ തുടങ്ങി അത്
വാഹനങ്ങളുടെ ശബ്ദമായിരുന്നില്ല
യന്ത്രങ്ങളുടെ ഇരമ്പലായിരുന്നില്ല അതൊരു
ചെറിയ കാറ്റിന്റെ മൂലമായിരുന്നു ഒരു

ഇലയുടെ വീഴ്ചയുടെ ഒച്ചയായിരുന്നു അകലെ നിന്നും വരുന്ന ഒരു പുഴയുടെ നേരത്തെ സംഗീതം ആയിരുന്നു.

മൗനം പുഞ്ചിരിച്ചു പ്രകൃതിയുടെ ശബ്ദങ്ങൾ ഇല്ലാതായിട്ടില്ല ഒതുങ്ങിപ്പോയതാണ്. അവൾ ആ ശബ്ദങ്ങൾ ശ്രദ്ധയോടെ കേട്ടു അവയെ മനസ്സിൽ പതിപ്പിച്ചു. അവളാ മരത്തെ കെട്ടിപ്പിടിച്ചു. മരത്തിന് സംസാരിക്കാൻ കഴിയില്ലായിരിക്കാം പക്ഷേ അതിന് പറയാനുള്ളത് നിശബ്ദമായ ഒരു അന്നുമുതൽ മൗനം ആ ശബ്ദങ്ങളെ ലോകത്തിന് കേൾപ്പിക്കാൻ ശ്രമിച്ചു അവൾ കവിതകൾ എഴുതി കഥകൾ പറഞ്ഞു പ്രകൃതിയുടെ സംഗീതം എല്ലാവരെയും കേൾപ്പിക്കുന്നില്ലെങ്കിലും അതിന്റെ സൗന്ദര്യം തിരിച്ചറിയണമെന്ന് അവൾ ആഗ്രഹിച്ചു ഭൂമിയുടെ ശബ്ദങ്ങൾ കേൾക്കാൻ എല്ലാവർക്കും കഴിയുന്ന ഒരു ലോകം അവൾ സ്വപ്നം കണ്ടു.

ഈ കഥയിൽ പ്രകൃതിയുടെ ശബ്ദങ്ങളെ കുറിച്ചുള്ള നിരീക്ഷണങ്ങളും ആധുനിക ലോകത്തിന്റെ ശബ്ദങ്ങളുടെ ആദിത്യത്തിൽ അവ മറിഞ്ഞു
പോകുന്നതിനെക്കുറിച്ചും,അവയെ വീണ്ടും തിരിച്ചറിയാനുള്ള ശ്രമത്തെ കുറിച്ചും പറയുന്നു.

- ജ്യോതിക



# പച്ചപ്പിന്റെ കാവൽക്കാരൻ

കാടിന്റെ മധ്യത്തിൽ ഒരു ചെറിയ ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിലെ ആളുകൾ പ്രകൃതിയോട് ചേർന്നാണ് ജീവിച്ചിരുന്നത്. അവർ മരങ്ങൾ നട്ടു, വെള്ളം സംരക്ഷിച്ചു, ജീവികളെ പരിപാലിച്ചു.

ഒരു ദിവസം ഗ്രാമത്തിലെ ഒരു കുട്ടി, രാജു കാട്ടിൽ നടക്കാൻ പോയി. അവൻ ഒരു ചെറിയ പക്ഷിയെ കണ്ടു. അതിന്റെ കൂട് നശിച്ചിരുന്നു. രാജു കൂട് ഉണ്ടാക്കി പക്ഷിയെ അതിലിരുത്തി.

പക്ഷി പറന്നുപോയി, പക്ഷേ അത് രാജുവിനെ തിരിഞ്ഞു നോക്കി. അതു പറഞ്ഞു ”നീ എന്റെ കൂടെ ഉണ്ടാക്കിത്തന്ന നന്ദി. ഞാൻ നിന്നെ പഠിപ്പിക്കാം

പ്രകൃതിയെ എങ്ങനെ സംരക്ഷിക്കണമെന്ന്.
അങ്ങനെ, രാജു പക്ഷിയിൽ നിന്ന് പഠിച്ചു, കാട്ടിലെ മറ്റു ജീവികളെയും സംരക്ഷിക്കാൻ തുടങ്ങി. ഗ്രാമത്തിലെ ആളുകൾ രാജുവിനെ പിന്തുടർന്നു, അവരും പ്രകൃതിയെ സംരക്ഷിക്കാൻ തുടങ്ങി.
കാട് പച്ചപ്പായി, ജീവികൾ വർദ്ധിച്ചു, ഗ്രാമം സന്തോഷിച്ചു. രാജു പക്ഷിയുടെ കാവൽക്കാരനായി പ്രകൃതിയെ സംരക്ഷിച്ചു.

- ആരാധ്യ വി എം



# സൂര്യകാന്തി ഗ്രാമം

ഒരിടത്ത് 'സൂര്യകാന്തി' എന്നൊരു ഗ്രാമമുണ്ടായിരുന്നു. ഗ്രാമത്തിലെ ആളുകൾ വളരെ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത്. അവർക്ക് ശുദ്ധമായ വായുവും വെള്ളവും ഭക്ഷണവും ഉണ്ടായിരുന്നു. ഒരു ദിവസം, ഗ്രാമത്തിലെ ഒരു ചെറിയ പെൺകുട്ടി, ലിയ എന്ന് പേരുള്ളവർ ഒരു കാര്യം ശ്രദ്ധിച്ചു. ഗ്രാമത്തിലെ നദി പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും നിറഞ്ഞിരിക്കുന്നു. അവൾ തന്റെ അമ്മയോട് ചോദിച്ചു, " അമ്മേ, നദി എന്തുകൊണ്ടാണ് ഇങ്ങനെ ആയത്?" അമ്മ പറഞ്ഞു, " ലിയ,നമ്മുടെ പ്രവർത്തികൾ മൂലമാണ് നദി മലിനമായത്. നമ്മൾ പ്ലാസ്റ്റിക്കും മറ്റും മാലിന്യങ്ങളും നദിയിൽ ഇടുന്നു "

ലിയ പറഞ്ഞു "അമ്മേ നമുക്ക് നദി ശുദ്ധമാക്കാം! ലിയയും അവളുടെ സുഹൃത്തുക്കളും ഒരുമിച്ച് പ്രവർത്തിച്ച് നന്ദി ശുദ്ധമാക്കി. അവർ മാലിന്യങ്ങൾ ശേഖരിച്ചു, മരങ്ങൾ നട്ടു,നദിയുടെ കരയിൽ ഒരു പൂന്തോട്ടം ഉണ്ടാക്കി. ഗ്രാമവാസികൾ ലിയയുടെ പ്രവർത്തി കണ്ട് പ്രചോദിതരായി അവരും ഒരുമിച്ച് പ്രവർത്തിച്ച് ഗ്രാമം ശുദ്ധമാക്കി. ഇപ്പോൾ സൂര്യകാന്തി ഗ്രാമം വീണ്ടും ശുദ്ധവും സുന്ദരവുമായി. ആളുകൾ സന്തോഷത്തോടെ ജീവിക്കുന്നു ലിയ പറഞ്ഞു " നമ്മൾ പരിസ്ഥിതിയെ സംരക്ഷിച്ചാൽ പരിസ്ഥിതി നമ്മെ സംരക്ഷിക്കും "



- ആദ്യ യു ഷെണോയ്

# ഭൂമിയുടെ ശബ്ദങ്ങൾ

ആര്യയ്ക്ക് മഴയുടെ ശബ്ദം ഇഷ്ടമായിരുന്നു. മഴയെ അവൾ ഭയത്തോടെ കണ്ടു.ഒരിക്കലും ഇങ്ങനെ പെയ്യാത്ത മഴ, ഒരിക്കലും ഇങ്ങനെ പുള്ളിക്കാത്ത ചൂട്, എല്ലാം എന്തോ തെറ്റിപ്പോയെന്ന് ഭൂമി പറയുന്നതുപോലെ അവൾക്ക് തോന്നി.

ഒരു ദിവസം അവൾ വരണ്ട നദീതീരത്ത് നിന്നു.ബാല്യത്തിൽ കളിച്ചൊഴുകിയ നദി,ഇപ്പോൾ മൗനമായിരിക്കുന്നു. കാറ്റ് വീശുമ്പോൾ പൊടിയും പ്ലാസ്റ്റിക്കും മാത്രം പറന്നു. അപ്പോൾ അവൾക്ക് തോന്നി ഇത് നിശബ്ദത അല്ല ഭൂമിയുടെ കരച്ചിലാണ്.

# വീട്ടിലേക്ക് മടങ്ങുമ്പോൾ

ടീവിയിൽ വാർത്ത മഞ്ഞുമലകൾ ഉരുകുന്നു, കാടുകൾ കത്തുന്നു, കാലാവസ്ഥ മാറുന്നു, മനുഷ്യന്റെ അവഗണനയാണ് ഇതിന്റെ കാരണം എന്ന് വിദഗ്ധർ പറഞ്ഞു. ആര്യയ്ക്ക് മനസ്സിലായി ഭൂമിയുടെ ശബ്ദങ്ങൾ നമ്മൾ ഇതുവരെ കേൾക്കാതെ പോയതാണ്. അടുത്തദിവസം അവൾ ഒരു മരം നട്ടു. ചെറുതായ ഒരു പ്രവർത്തിയാണെങ്കിലും അതിൽ ഒരു പ്രതീക്ഷ ഉണ്ടായിരുന്നു .ഭൂമിയുടെ ശബ്ദങ്ങൾക്ക് മറുപടി പറയാനുള്ള ആദ്യ പടി

- അഞ്ജന പ്രതാപ്

# ലേഖനങ്ങൾ

# ഭൂമി : മനുഷ്യന്റെ ഉത്തരവാദിത്വവും നിലനിൽപ്പും

ഭൂമി, മനുഷ്യൻ ഉൾപ്പടെയുള്ള അനവധി ജീവജാലങ്ങൾക്ക് ജീവൻ നൽകുന്ന ഏക ഗ്രഹമാണ് . മനുഷ്യന്റെ ജനനം മുതൽ മരണം വരെ ജീവിതവുമായി  അഭിന്നമായി ബന്ധപ്പെട്ടിരിക്കുന്നതാണ്
ഭൂമി .പ്രകൃതിയുമായി സമതുലിതമായ ബന്ധം നിലനിർത്തുമ്പോഴാണ് ഭൂമിയിൽ ജീവന്‍റെ തുടർച്ച സാധ്യമാക്കുന്നത്

ഭൂമിയുടെ പരിസ്ഥിതി വ്യവസ്ഥകൾ - വായു, ജലം, മണ്ണ്, കാട്, സമുദ്രം - എല്ലാം പരസ്പരം ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഈ സ്വാഭാവിക സന്തുലിതാവസ്ഥ തകരുമ്പോൾ അതിന്‍റെ ദോഷഫലങ്ങൾ

നേരിട്ട് മനുഷ്യനെ ബാധിക്കുന്നു. ഇന്ന് ,മനുഷ്യൻ്റെ അനിയന്ത്രിതമായ ഇടപെടലുകൾ മൂലം - വനനശീകരണം, മലിനീകരണം , പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമായിരിക്കുകയാണ്.

വ്യവസായ മാലിന്യങ്ങളും പ്ലാസ്റ്റിക്ക് ഉപയോഗവും ജലസ്രോതസ്സുകളെ മലിനമാക്കുന്നു.കാടുകളുടെ നാശം മഴക്കുറവിനും മണ്ണൊലിപ്പിനും കാരണമാവുന്നു. ഇതിന്റെ ഫലമായി, ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം, പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ വർധിച്ചു വരുന്നു. മനുഷ്യൻ നേടിയ പുരോഗതി തന്നെ മനുഷ്യന്റെ നിലനിൽപ്പിന് ഭീഷണിയാകുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഭൂമിയുടെ പരിസ്ഥിതി വ്യവസ്ഥകളിൽ ഏതെങ്കിലും ഒരു ഘടകം നേരിടുന്ന അസന്തുലിതാവസ്ഥ

ഭൂമിയിലെ മുഴുവൻ പരിസ്ഥിതിയേയും ബാധിക്കുന്നു.

മനുഷ്യരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭൂമിയെ ഉപയോഗിക്കേണ്ടത് അനിവാര്യമാണ് .അതിൻ്റെ പരിധി ലംഘിക്കുമ്പോളാണ്  പരിസ്ഥിതി പ്രതിസന്ധികൾ രൂപപ്പെടുന്നത്.

ഇന്നത്തെ വ്യവസായവൽക്കരണവും,നഗരവൽക്കരണവും ഭൂമിയുടെ സ്വാഭാവിക രൂപത്തെ വലിയതോതിൽ മാറ്റിമറിച്ചിരിക്കുന്നു. ഫാക്ടറിയിൽ നിന്നുള്ള വിഷവാതകങ്ങൾ വായുവിനെ മലിനമാക്കുന്നു. വ്യവസായ മാലിന്യങ്ങളും, ഗൃഹമാലിന്യങ്ങളും നദി ,കടൽ എന്നിവയിൽ ഒഴുക്കുന്നതിലൂടെ ജലജീവികളെ ഗുരുതരമായി ബാധിക്കുന്നു.

ഇതോടെ ശുദ്ധജലക്ഷാമവും, രോഗവ്യാപനവും വർദ്ധിക്കുന്നു. കൂടാതെ വനനശീകരണം മൂലം കാർബൺ ഡൈയോക്സൈഡ് ആകിരണം ചെയ്യുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയുന്നു. ഇതും ആഗോളതാപനത്തിന് കാരണമാകുന്നു.

കാലാവസ്ഥയിലെ അപ്രതീക്ഷിതമായ മാറ്റങ്ങൾ കൃഷിയെ പ്രതികൂലമായി ബാധിക്കുകയും, ഭക്ഷ്യസുരക്ഷയെതന്നെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. മനുഷ്യൻ നേടിയ ശാസ്ത്രസാങ്കേതിക പുരോഗതി പ്രകൃതിയോടുള്ള ഉത്തരവാദിത്വബോധമില്ലാതെ ഉപയോഗിക്കുമ്പോൾ, അത് മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും ഇന്ന് നാം തിരിച്ചറിയണം.

ഭൂമിയെ സംരക്ഷിക്കുക എന്നത് മനുഷ്യൻ്റെ ധാർമ്മീകവും സാമൂഹികവുമായ ഉത്തരവാദിത്വമാണ്. മരം  നടുന്നത്, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, എന്നിവയിലൂടെ നമുക്ക് ഭൂമിയെ രക്ഷിക്കാം. ഭൂമിയുടെ സംരക്ഷണം ഉറപ്പായാൽ മാത്രമേ ഭാവി തലമുറയ്ക്ക് സുരക്ഷിതമായ ജീവിതം സാധ്യമാകൂ.  അതുകൊണ്ട് ഭൂമിയെ സംരക്ഷിക്കുന്നത് മനുഷ്യൻ്റെ നിലനിൽപ്പിന് അനിവാര്യമാണ് എന്ന് നാം മനസ്സിലാക്കണം

- മേധാ ഷൈജു . കെ



# ജനങ്ങളുടെ ശബ്ദം
# പ്രകൃതിയുടെ കവചം

പ്രകൃതി മനുഷ്യന്റെ ജീവിതത്തിന്റെ അടിത്തറയാണ്. മലനിരകൾ, വനങ്ങൾ, നദികൾ എന്നിവ ഭൂമിയുടെ സമതുലിതാവസ്ഥ നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള മലനിരകളിലൊന്നായ അരാവല്ലി മലനിരകൾ അതിന്റെ പ്രകൃതിപ്രാധാന്യത്തിലും സാംസ്കാരിക മൂല്യത്തിലും അതുല്യമാണ്. എന്നാൽ ഖനനം, നഗരവത്കരണം, അനധികൃത നിർമാണങ്ങൾ തുടങ്ങിയ മനുഷ്യപ്രവർത്തനങ്ങൾ മൂലം അരാവല്ലി വലിയ നാശത്തിന്റെ ഭീഷണിയിലായി.

FREE HUNDREDS OF CANVA TEMPLATE - DREVIO.CO

ഒരു ഘട്ടത്തിൽ അരാവല്ലിയുടെ ഏകദേശം 90% വരെ പൊളിക്കപ്പെടുന്ന സാഹചര്യം ഉണ്ടായതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത് നടന്നിരുന്നെങ്കിൽ ഇന്ത്യയുടെ പരിസ്ഥിതി സുരക്ഷയ്ക്ക് തന്നെ വലിയ ഭീഷണിയായേനേ. താർ മരുഭൂമിയുടെ വ്യാപനം തടയുന്ന പ്രകൃതി മതിലാണ് അരാവല്ലി. അതിനാൽ മലനിരയുടെ നാശം മരുഭൂമീകരണം വർധിപ്പിക്കുകയും ജലക്ഷാമം സൃഷ്ടിക്കുകയും കാലാവസ്ഥാ വ്യതിയാനം ശക്തമാക്കുകയും ചെയ്യേനേ.

എന്നാൽ ഈ വലിയ ദുരന്തം ഒഴിവായത് ജനങ്ങളുടെ ശക്തമായ ഇടപെടലിലൂടെ തന്നെയാണ്. പരിസ്ഥിതി പ്രവർത്തകർ,

FREE HUNDREDS OF CANVA TEMPLATE - DREVIO.CO

നാട്ടുകാർ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവരുടെ ശബ്ദം ഒന്നിച്ചു ഉയർന്നപ്പോൾ ഭരണകൂടവും കോടതികളും ഇടപെടേണ്ടി വന്നു. പ്രതിഷേധങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും നിയമപരമായ നടപടികളും അരാവല്ലിയെ സംരക്ഷിക്കാൻ സഹായിച്ചു. ഇതിലൂടെ പല ഖനനപ്രവർത്തനങ്ങളും നിയന്ത്രിക്കപ്പെട്ടു, മലനിരയുടെ നാശം ഒരു പരിധിവരെ തടയാൻ സാധിച്ചു.

അരാവല്ലിയുടെ കഥ നമ്മെ പഠിപ്പിക്കുന്നത് ഒരു പ്രധാന പാഠമാണ്: പ്രകൃതിയെ രക്ഷിക്കാൻ ജനങ്ങളുടെ ശബ്ദം അനിവാര്യമാണ്. സർക്കാർ നിയമങ്ങൾ മാത്രം മതിയാകില്ല. പൊതുജനങ്ങളുടെ ഇടപെടലും ജാഗ്രതയും ഇല്ലെങ്കിൽ പ്രകൃതിനാശം

FREE HUNDREDS OF CANVA TEMPLATE - DREVIO.COM

തടയാൻ സാധിക്കില്ല. ഒരാളുടെ ശബ്ദം ചെറുതായി തോന്നാമെങ്കിലും ആയിരക്കണക്കിന് ശബ്ദങ്ങൾ ഒന്നിച്ചാൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാം.
പ്രകൃതിയെ സംരക്ഷിക്കാൻ ഓരോ വ്യക്തിക്കും തന്റെ ശബ്ദം ഉപയോഗിക്കാം. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ സംസാരിക്കുക, ബോധവത്കരണം നടത്തുക, സോഷ്യൽ മീഡിയ വഴി വിഷയങ്ങൾ ഉയർത്തുക, നിയമപരമായ പരാതികൾ നൽകുക, പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുക തുടങ്ങിയവ പ്രകൃതിക്ക് വേണ്ടി ചെയ്യാവുന്ന കാര്യങ്ങളാണ്. യുവജനങ്ങളുടെ പങ്കാളിത്തം പ്രത്യേകിച്ച് ശക്തമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അവസാനമായി, അരാവല്ലി മലനിരകളെ

FREE HUNDREDS OF CANVA TEMPLATE - DREVIO.COM

രക്ഷിച്ച ജനങ്ങളുടെ ശബ്ദം പ്രകൃതിയുടെ നിലനില്പിന് മനുഷ്യന്റെ ഉത്തരവാദിത്വം എത്രത്തോളം പ്രധാനമാണെന്ന് തെളിയിക്കുന്നു. മലനിരകളും വനങ്ങളും സംരക്ഷിക്കുന്നത് പ്രകൃതിയെ മാത്രം രക്ഷിക്കുന്നതല്ല, മനുഷ്യന്റെ ഭാവിയും രക്ഷിക്കുന്നതാണ്. അതിനാൽ പ്രകൃതിയോടൊപ്പം സഹജീവിതം നയിക്കാൻ നമ്മൾ ഓരോരുത്തരും നമ്മുടെ ശബ്ദം ഉയർത്തുകയും പ്രവർത്തിക്കുകയും വേണം.

- തേജ ലക്ഷ്മി എൻ എസ്



FREE HUNDREDS OF CANVA TEMPLATE - DREVIO.COM

# പ്രകൃതിയുടെ പാഠങ്ങൾ

പ്രകൃതി മനുഷ്യന്റെ ഏറ്റവും വലിയ ഗുരുവാണ്. സംസാരിക്കാതെ തന്നെ അതു നമ്മെ ജീവിതത്തിന്റെ ആഴമുള്ള പാഠങ്ങൾ പഠിപ്പിക്കുന്നു. സൂര്യൻ ദിവസേന ഉദിച്ച് അസ്തമിക്കുന്നതിൽ നിന്ന് തന്നെ സ്ഥിരതയുടെ മഹത്വം നമ്മൾ കാണുന്നു. ഒരുനാൾ പോലും പരാതിപ്പെടാതെ, അവൻ തന്റെ കടമ നിർവഹിക്കുന്നു. അതുപോലെ തന്നെ, മനുഷ്യനും സാഹചര്യങ്ങൾ എത്ര കഠിനമായാലും തന്റെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കരുത് എന്ന സന്ദേശമാണ് അത് നൽകുന്നത്.

ഒരു ചെറിയ വിത്ത് മണ്ണിനടിയിൽ പതിയുമ്പോൾ, അതിന് മുന്നിൽ അന്ധകാരം മാത്രമേയുള്ളൂ. എങ്കിലും വെളിച്ചത്തെക്കുറിച്ചുള്ള വിശ്വാസം

അതിനെ മുളപ്പിക്കുന്നു. മഴയും സൂര്യനും കാറ്റും അതിനെ പരീക്ഷിക്കുന്നു. ചിലപ്പോൾ അത് തളരുന്നു, പക്ഷേ മണ്ണിനെ മുറുകെ പിടിച്ച വേരുകൾ അതിനെ വീഴാതെ കാത്തുസൂക്ഷിക്കുന്നു. മനുഷ്യജീവിതവും അതുപോലെ തന്നെയാണ്. വെല്ലുവിളികൾ നമ്മെ തകർക്കാനല്ല, ശക്തരാക്കാനാണ് വരുന്നത്.

നദികൾ ഒരിക്കലും പിന്മാറുന്നില്ല. പാറകൾ വഴിമുട്ടിച്ചാലും, അവ ചുരം കണ്ടെത്തി മുന്നോട്ട് ഒഴുകുന്നു. ഈ സ്ഥിരതയും വഴങ്ങുന്ന സ്വഭാവവും നമ്മെ പഠിപ്പിക്കുന്നത്, പ്രശ്നങ്ങൾക്ക് മുന്നിൽ നിൽക്കാതെ പരിഹാരം കണ്ടെത്തുകയാണ് വിജയത്തിലേക്കുള്ള വഴി എന്നതാണ്. കാടുകൾ, വൃക്ഷങ്ങൾ, പക്ഷികൾ എല്ലാം ഒരുമിച്ച് നിലനിൽക്കുന്ന

സമതുലിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു: വ്യക്തിഗത വളർച്ച മാത്രമല്ല, പരസ്പര സഹവാസവും അത്യന്താപേക്ഷിതമാണ്. അവസാനം, പ്രകൃതി നമ്മോട് പറയുന്നത് ലളിതമാണ്—പതുക്കെ വളരുക, വേരുകൾ ഉറപ്പിക്കുക, മാറ്റങ്ങളെ സ്വീകരിക്കുക, പിന്നെ മറ്റുള്ളവർക്ക് ആശ്വാസമാകുക. അപ്പോൾ മാത്രമേ മനുഷ്യജീവിതം അർത്ഥവത്താകൂ.

- അൻസിക എം.പി



# സമുദ്രം – ജീവന്റെ അനന്തലോകം

സമുദ്രം ഭൂമിയിലെ ഏറ്റവും വലിയ പ്രകൃതിസമ്പത്തുകളിലൊന്നാണ്. ഭൂമിയുടെ വലിയൊരു ഭാഗം സമുദ്രം കൊണ്ടാണ് മൂടപ്പെട്ടിരിക്കുന്നത്. സമുദ്രം മനുഷ്യർക്കും ജീവജാലങ്ങൾക്കും അനവധി രീതിയിൽ ഉപകാരപ്പെടുന്നു. അത് പ്രകൃതിയുടെ അത്ഭുതലോകവും ജീവന്റെ ഉറവിടവുമാണ്.

സമുദ്രം കാലാവസ്ഥ നിയന്ത്രിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. മഴ ലഭിക്കാനും ജലചക്രം നിലനിൽക്കാനും സമുദ്രം സഹായിക്കുന്നു. സമുദ്രത്തിൽ നിന്നുള്ള ജലവാഷ്പം മേഘങ്ങളായി മാറി മഴയായി ഭൂമിയിലേക്ക് തിരിച്ചെത്തുന്നു. അതുവഴി ഭൂമിയിലെ ജീവൻ നിലനിൽക്കുന്നു. സമുദ്രം അനവധി ജീവജാലങ്ങളുടെ ആവാസസ്ഥലമാണ്. മീനുകൾ, തിമിംഗലങ്ങൾ, പവിഴങ്ങൾ തുടങ്ങിയ അനേകം ജീവികൾ സമുദ്രത്തിൽ ജീവിക്കുന്നു. മനുഷ്യർക്കും സമുദ്രം

ഭക്ഷണവും തൊഴിലും നൽകുന്നു. മത്സ്യബന്ധനം ലക്ഷക്കണക്കിന് ആളുകളുടെ ജീവിതമാർഗമാണ്.

എന്നാൽ ഇന്ന് മനുഷ്യന്റെ അനാസ്ഥ മൂലം സമുദ്രം മലിനമാകുകയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ, വ്യവസായ മാലിന്യങ്ങൾ, എണ്ണ ചോർച്ചകൾ തുടങ്ങിയവ സമുദ്രജീവിതത്തെ അപകടത്തിലാക്കുന്നു. ഇതിന്റെ ഫലമായി സമുദ്രത്തിലെ ജീവികൾ നശിക്കുകയും പരിസ്ഥിതി തുല്യത തകരുകയും ചെയ്യുന്നു.

സമുദ്രത്തെ സംരക്ഷിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, മാലിന്യങ്ങൾ കടലിൽ ഒഴുക്കാതിരിക്കുക, സമുദ്ര തീരങ്ങൾ ശുചിയായി സൂക്ഷിക്കുക എന്നിവ വഴി സമുദ്ര സംരക്ഷണം സാധ്യമാക്കാം. അവസാനമായി, സമുദ്രം വെറും വെള്ളത്തിന്റെ വ്യാപ്തിയല്ല; അത് ജീവന്റെ അനന്തലോകമാണ്. അതിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുക നമ്മുടെ കടമയാണ്.

- വൈഗ കെ



# പുസ്തകാസ്വാദനം

# പച്ച മാത്രം

മലയാളഭാഷയിലെ പ്രമുഖനായ കവിയായ പണിക്കർ എഴുതിയ പച്ചമാത്രം എന്ന കവിത മനുഷ്യന്റെ സ്വാർത്ഥതയെയും പ്രകൃതി നാശത്തെയും പ്രതീകാത്മകമായ അവതരിപ്പിക്കുന്ന കവിതയാണ്. ഈ കവിതയിൽ പച്ച എന്നത് ജീവന്റെയും പ്രതീക്ഷയുടെയും പ്രതീകമായി ഉപയോഗിക്കുന്നു. എന്നാൽ മനുഷ്യൻ വികസനത്തിന്റെ പേരിൽ പ്രകൃതിയെ നശിപ്പിക്കുമ്പോൾ ഒടുവിൽ അവശേഷിക്കുന്നത് പച്ച മാത്രം എന്ന ശൂന്യതയാണ്. പ്രകൃതി നഷ്ടപ്പെട്ട ഭാവിയെ കവി ഈ കവിതയിൽ നമുക്ക് മുന്നിൽ കാണിച്ചുതരുന്നു. വികസന വേരിൽ ഭൂമിയെ നശിപ്പിക്കുന്ന

മനുഷ്യന്റെ നിലപാടിനെ കവി വിമർശിക്കുന്നു. പ്രകൃതിയോടുള്ള അനാഥരക മനുഷ്യനെ നാശത്തിലേക്ക് ആണ് നയിക്കുന്നത് എന്ന് കവി നാം ഓരോരുത്തരെയും ഓർമ്മപ്പെടുത്തുന്നു. പച്ചമാത്രം എന്ന കവിത മനുഷ്യനെ വളരെയധികം ചിന്തിപ്പിക്കുന്ന കവിതയാണ് പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത ശക്തമായി ബോധ്യപ്പെടുത്തുന്ന ഈ കവിത വായനക്കാരിൽ ഉത്തരവാദിത്വബോധം വളർത്തുന്നു.

- ശ്രീനന്ദ എസ് ആർ




# ഹരിതാഭ

അജയകുമാർ കെ എഴുതിയ ഹരിതാഭ എന്ന കവിത ഭൂമിയുടെ പ്രകൃതി സൗന്ദര്യത്തെ ആഴത്തിൽ അവതരിപ്പിക്കുന്ന കവിതയാണ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധമാണ് കവിതയുടെ പ്രധാന ആശയം ഈ കവിതയിൽ പ്രകൃതിയുടെ പച്ചപ്പാണ് ജീവന്റെ അടയാളമായി അവതരിപ്പിക്കുന്നത് കാർഡുകൾ സസ്യങ്ങൾ ഭൂമിയുടെ ഹരിതാഭ എന്നിവയാണ് ഭൂമിക്ക് ജീവൻ നൽകുന്നത് എന്ന് കവി പറയുന്നു മനുഷ്യന്റെ പ്രവർത്തികൾ കാരണം ഇവയെല്ലാം നഷ്ടപ്പെടുമ്പോൾ ഭൂമിയുടെ

നിലനിൽപ്പ് തന്നെ അപകടത്തിൽ സന്ദേശമാണ് ഈ കവിത നൽകുന്നത് ഭൂമിയുടെ പച്ചപ്പിനെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്വമാണ് എന്ന് കവി ഓർമ്മപ്പെടുത്തുന്നു. പ്രകൃതി നശിച്ചാൽ മനുഷ്യനും നിലനിൽക്കില്ല എന്ന ശക്തമായ മുന്നറിയിപ്പാണ് കവിത നൽകുന്നത് ഹരിതാഭ എന്ന കവിത പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു.

- ഭദ്ര ടി



# മരത്തിനോട് ഒരു കവിത

പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ശക്തമായി എഴുതുകയും ചെയ്ത മലയാളത്തിലെ പ്രശസ്ത കവയിത്രിയാണ് സുഗതകുമാരി. അവരുടെ പ്രകൃതിസ്നേഹവും മനുഷ്യസ്നേഹവും നിറഞ്ഞ കവിതകളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് "മരത്തിനോട് ഒരു കവിത".
ഈ കൃതിയിൽ ഒരു മരത്തോടുള്ള ആത്മബന്ധമാണ് കവയിത്രി അവതരിപ്പിക്കുന്നത്. മരം വെറും ഒരു സസ്യമല്ല, ജീവന്റെ ഉറവിടവും ഭൂമിയുടെ കാവലാളുമാണെന്ന് ഈ കവിത നമ്മെ ബോധ്യപ്പെടുത്തുന്നു. മനുഷ്യൻ പ്രകൃതിയെ

ചൂഷണം ചെയ്യുമ്പോൾ അതിന് ഉണ്ടാകുന്ന ദുരന്തഫലങ്ങൾ കവിതയിലൂടെ ഹൃദയസ്പർശിയായി വ്യക്തമാക്കുന്നു.

കവിതയുടെ ഭാഷ ലളിതവും വികാരപൂർണ്ണവുമാണ്. വായനക്കാരന്റെ മനസ്സിൽ പ്രകൃതിയോടുള്ള സ്നേഹവും കരുതലും ഉണർത്താൻ ഈ രചനയ്ക്ക് കഴിയും. ഇന്നത്തെ കാലത്ത് വനനശീകരണവും പരിസ്ഥിതി പ്രശ്നങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ ഈ കവിത വളരെ പ്രസക്തമാണ്.

ഈ കൃതിയുടെ മുഖ്യ സന്ദേശം പ്രകൃതിയെ സംരക്ഷിക്കുക എന്നത് ഓരോ മനുഷ്യന്റെയും ഉത്തരവാദിത്തമാണെന്നതാണ്. മരങ്ങൾ നട്ടു വളർത്തുകയും പ്രകൃതിയോടൊപ്പം

ജീവിക്കാനുള്ള മനോഭാവം വളർത്തുകയും വേണമെന്ന് കവയിത്രി നമ്മെ ഓർമ്മിപ്പിക്കുന്നു.
അവസാനമായി, പ്രകൃതിസംരക്ഷണത്തിന്റെ ശക്തമായ സന്ദേശം നൽകുന്ന ഒരു അമൂല്യ കൃതിയാണ് "മരത്തിനോട് ഒരു കവിത". പ്രകൃതിയെ സ്നേഹിക്കുന്ന എല്ലാവർക്കും വായിക്കേണ്ട ഒരു മികച്ച രചനയാണിത്.

- പ്രാർത്ഥന പി കെ



# പ്രകൃതിയുടെ സംഗീതം

പ്രകൃതി മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം തന്നെയാണ്. പ്രകൃതിയുടെ സൗന്ദര്യവും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യവും മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു മികച്ച കൃതിയാണ് "പ്രകൃതിയുടെ സംഗീതം". ഈ പുസ്തകത്തിന്റെ രചയിതാവ് ശ്രീ. എം. നാരായണൻ ആണ്. പ്രകൃതിസ്നേഹവും പരിസ്ഥിതി ബോധവും ഉള്ള എഴുത്തുകാരനായി അദ്ദേഹം അറിയപ്പെടുന്നു.

ഈ കൃതിയിൽ എഴുത്തുകാരൻ കാടുകളും നദികളും മലനിരകളും ജീവജാലങ്ങളും ഉൾക്കൊള്ളുന്ന പ്രകൃതിയുടെ അത്ഭുതലോകത്തെ മനോഹരമായി അവതരിപ്പിക്കുന്നു. ഓരോ അധ്യായവും പ്രകൃതിയോട് മനുഷ്യൻ പുലർത്തേണ്ട സ്നേഹവും കരുതലും വായനക്കാരനിൽ ഉണർത്തുന്നു.

പുസ്തകത്തിൽ പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യന്റെ അനാസ്ഥയെക്കുറിച്ചും അതിന്റെ ഭാവി പ്രത്യാഘാതങ്ങളെക്കുറിച്ചും ശക്തമായി ചിന്തിപ്പിക്കുന്നു. ലളിതവും ഹൃദയസ്പർശിയുമായ ഭാഷയിലാണ് പുസ്തകം എഴുതിയിരിക്കുന്നത്. അതുകൊണ്ട് കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്ന ഗ്രന്ഥമാണിത്.

ഈ പുസ്തകം നൽകുന്ന പ്രധാന സന്ദേശം പ്രകൃതിയെ സംരക്ഷിക്കുക എന്നത് മനുഷ്യന്റെ കടമയാണെന്നതാണ്. പ്രകൃതിയോടൊപ്പം ജീവിക്കാൻ പഠിക്കേണ്ടതിന്റെ ആവശ്യകതയും ഇതിലൂടെ വ്യക്തമാകുന്നു.

അവസാനമായി, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ബോധം വളർത്തുന്ന ഒരു പ്രചോദനാത്മക കൃതിയാണ് “പ്രകൃതിയുടെ സംഗീതം”. പ്രകൃതിയെ സ്നേഹിക്കുന്ന എല്ലാവർക്കും ഈ പുസ്തകം വായിക്കാൻ ഞാൻ ശുപാർശ ചെയ്യുന്നു.

- നിവേദ്യ എസ്





പ്രകൃതിയെ സ്നേഹിക്കുക, അത് ഈ ഭൂമിക്ക് നമ്മൾ
നൽകുന്ന ഏറ്റവും വലിയ സമ്മാനമാണ്

# EDITORIAL BOARD




ഫിസ ഫാത്തിമ വി ടി
വൈകാശി എസ്
ലക്ഷ്മി തീർത്ഥ ആർ എസ്
നിവേദിത പി കെ എസ്
പ്രാർത്ഥന പി കെ
ഉത്ര സതീഷ്
ദിയ എസ് സുധി

# നന്ദി

ഒമ്പതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ 'Serene' എന്ന ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കാൻ സഹായിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. ഞങ്ങളെ പ്രോത്സാഹിപ്പിച്ച

ഹെഡ്മിസ്ട്രസ് സിസ്റ്റർ സിനി, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് സിസ്റ്റർ സൗമ്യ എന്നിവരോടും, ഈ പ്രോജക്ടിന് നേതൃത്വം നൽകിയ ജോവിറ്റ ടീച്ചർ, അനുശ്രീ ടീച്ചർ, മറ്റ് അധ്യാപകർ എന്നിവരോടുമുള്ള പ്രത്യേക കടപ്പാട് അറിയിക്കുന്നു.

– ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ

